# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 506

19.03.2013 ൽ മറുപടിയ്ക്ക്

## കാർഷിക പലിശരഹിത വായ്പാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കാർഷിക വായ്പകൾ പലിശരഹിത വായ്പകളായി അനുവദിക്കുന്ന പദ്ധതി സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) യും (ബി) യും സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാർ നൽകുന്ന പരമാവധി 3% പലിശ സബ്സിഡിയോടൊപ്പം, (interest subvention) സംസ്ഥാന സർക്കാർ പരമാവധി 5% പലിശ സബ്സിഡി കൂടി നൽകി ഹ്രസ്വകാല വായ്പകൾ പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിന് പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമേ നെൽകൃഷിക്കുള്ള വായ്പകളുടെ പലിശ, പൂർണ്ണമായും സർക്കാർ വഹിക്കുന്ന പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും 31 കോടിയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) കാർഷിക പലിശരഹിത വായ്പാ പദ്ധതി പ്രകാരം ഓരോ ജില്ലയിലും ലഭ്യമായ അപേക്ഷകളുടെ വിശദാംശങ്ങൾ നൽകാമോ: | (സി) ഇത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ നിന്നും, അനുവദനീയമായ ക്ലെയിം ജോയിന്റ് രജിസ്ട്രാർ തലത്തിൽ ലഭ്യമാക്കി വരുന്നു. |

| | | |
|---|---|---|
| (ഡി) | ഓരോ ജില്ലയിലും പ്രസ്തുത പദ്ധതി പ്രകാരം എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ 08.02.2013 ലെ ജി.ഒ. (എം.എസ്) നം. 23/2013/സഹ പ്രകാരം അംഗീകരിച്ചു ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ടി പദ്ധതികൾ പ്രകാരമുള്ള സംഘങ്ങളുടെ ക്ലെയിമുകൾ ലഭ്യമാക്കി വരുന്നു. ഇതിനായി 3 കോടി രൂപ സർക്കാരിൽ നിന്നും ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലെയും ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ തുക അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ